(ബി) ഈ സാമ്പത്തിക വർഷം പ്രസ്തുത സ്കീമിൽപ്പെടുത്തി എത്ര കുടുംബങ്ങൾക്ക് ഇതിൻപ്രകാരം ആവശ്യത്തിനുള്ള വെള്ളം സംഭരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഈ പരിപാടി പ്രകാരം ഒരു കുടുംബത്തിനാവശ്യമുള്ള വെള്ളം സംഭരിക്കുവാൻ എന്തുചെലവു വരും; അതിൽ ഗവൺമെന്റ് എന്ത് സഹായധനം നൽകും;

(ഡി) പോണ്ടിച്ചേരിയിലെ നഗരപ്രദേശങ്ങളിൽ "അരോവില്ലി" മാതൃകയിൽ ജല സംഭരണം നടത്തുവാൻ ഉദ്ദേശമുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന ഭൂജലവകുപ്പ് റെയിൻവാട്ടർ ഹാർവെസ്റ്റിംഗിനെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. കേരളാ വാട്ടർ അതോറിറ്റി റെയിൻവാട്ടർ ഹാർവെസ്റ്റിംഗ് ഉൾപ്പെടുന്ന 'വർഷ' പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കിവരുന്നു. 11-ാം ധനകാര്യ കമ്മീഷൻ അവാർഡുപയോഗപ്പെടുത്താനായി ആസൂത്രണം ചെയ്തു നടപ്പാക്കി വരുന്ന പദ്ധതികളിൽ റെയിൻവാട്ടർ ഹാർവെസ്റ്റിംഗ് പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്. ലോക ബാങ്ക് സഹായത്തോടെ തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട് ജില്ലകളിൽ കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി വഴി നടപ്പാക്കിവരുന്ന "ജലനിധി" പദ്ധതിയിൻകീഴിലും ഗുണഭോക്തൃ സമിതികൾക്ക് മഴവെള്ളം സ്രോതസ്സായി ഉപയോഗപ്പെടുത്താവുന്നതാണ്.

(ബി) "വർഷ" പദ്ധതി പൂർത്തിയാകുമ്പോൾ 2265 കുടുംബങ്ങൾക്കും 11-ാം ധനകാര്യ കമ്മീഷൻ അവാർഡുപയോഗപ്പെടുത്തിയുള്ള പദ്ധതികൾ പൂർത്തിയാകുമ്പോൾ 468 കുടുംബങ്ങൾക്കും റെയിൻവാട്ടർ ഹാർവെസ്റ്റിങ്ങിലൂടെ വെള്ളം സംഭരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ജലനിധി പദ്ധതിപ്രകാരം ഈ സാമ്പത്തിക വർഷം ഏകദേശം 2500 യൂണിറ്റുകൾ നിർമ്മിക്കാനുദ്ദേശിക്കുന്നു.

(സി) 'വർഷ' പദ്ധതി പ്രകാരം 12,400 രൂപയാണ് ഒരു കുടുംബത്തിന് ചെലവ് കണക്കാക്കിയിട്ടുള്ളത്. അതിൽ 90% കേന്ദ്ര വിഹിതവും 10% ഉപഭോക്തൃവിഹിതവുമാണ്. 11-ാം ധനകാര്യ കമ്മീഷന്റെ അവാർഡുപയോഗിച്ചു നടപ്പിലാക്കിവരുന്ന റെയിൻവാട്ടർ ഹാർവെസ്റ്റിംഗ് പദ്ധതികൾക്ക് ശരാശരി 25,000 രൂപ മുതൽ 30,000 രൂപ വരെ ഒരു കുടുംബത്തിന് ചെലവ് കണക്കാക്കിയിരിക്കുന്നു. ഇതിന് 100% കേന്ദ്ര സഹായം ലഭിക്കും. ജലനിധി പദ്ധതിയിൽ ഒരു ലിറ്റർ സംഭരണശേഷിക്ക് 1.5—2 രൂപ ചെലവ് വരും. ഇതിന്റെ 75% പദ്ധതി വഹിക്കും.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ മഴവെള്ളം ശേഖരിക്കുന്ന പദ്ധതി

36 [6001] ശ്രീ. ഷിബു ബേബിജോൺ:
,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സന്നദ്ധ സംഘടനകളുടെ സഹകരണത്തോടുകൂടി മഴവെള്ളം ശേഖരിക്കുന്ന പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പിലാക്കുവാനായി സർക്കാർ എന്തെങ്കിലും പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഈ പദ്ധതിയുടെ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ മഴവെള്ളം ശേഖരിക്കുന്ന പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പിലാക്കാനായി പദ്ധതിയൊന്നും സർക്കാർ വിഭാവനം ചെയ്തിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

വെള്ളം കുപ്പിയിലും കന്നാസുകളിലുമായി വിൽക്കുന്ന പദ്ധതി

37 [6002] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിപ്പോകൾ സ്ഥാപിച്ച് ശുദ്ധജലം കുപ്പിയിലും കന്നാസുകളിലുമായി വിൽക്കുന്ന പദ്ധതിയുടെ അനന്തര നടപടികൾ സർക്കാർ ഉപേക്ഷിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത തീരുമാനം റദ്ദ് ചെയ്തതിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ, ബി) ഇത്തരം ഒരു പദ്ധതി ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

വെള്ളം വിൽപ്പന നടത്തുവാനുള്ള പദ്ധതി

38 [6003] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. സാജുപോൾ:
,, കെ. വി. കുഞ്ഞിരാമൻ:
,, വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

വെള്ളം വിൽപ്പന നടത്തുവാനുള്ള പദ്ധതികൾക്ക് മന്ത്രിസഭയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ?

ഉത്തരം

ഇല്ല.

നഗരങ്ങളിലെ അഴുക്കുജല നിർഗ്ഗമനത്തിനുള്ള സംവിധാനം

39 [6004] ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. വി. കെ. സി. മമ്മത് കോയ:
,, കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരങ്ങളിലെ അഴുക്കുജല നിർഗ്ഗമനത്തിനുള്ള സംവിധാനം പരിമിതമായതുമൂലം നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly